ഭരണഭാഷ – മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ജഗതി, തിരുവനന്തപുരം,
ഇ-മെയിൽ- dhsefinc5@gmail.com,
ഫോൺ : 0471-2580734

നം. ഫിൻ.സി.1/1232/2025/എച്ച്.എസ്.ഇ. തീയതി: 29-01-2025

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻ്ററി വിഭാഗം- റീക്കൺസലേഷൻ നടപടികൾ സമയബന്ധിതമായ് പൂർത്തികരിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1). 30/12/2024 ലെ സർക്കാർ കത്ത് നം. 2754905- IW-K1/4/2024- Fin.

2). 13/09/2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 476/2013-ധന.

3)27/08/2024 ലെ സർക്കുലർ നം. 52/2024 - ധന.

കേരള ബഡ്ജറ്റ് മാന്വലിലെ ഖണ്ഡിക 72,74 എന്നിവ പ്രകാരം സർക്കാർ വകുപ്പുകളിലെ വരവു ചെലവു കണക്കുകൾ അക്കൗണ്ടൻ്റ് ജനറലിന്റെ കണക്കുകളുമായ് പൊരുത്തപ്പെടുന്നോ എന്ന് പരിശോധിക്കുന്ന റീക്കൺസലേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനു നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) സർക്കാർ ഉത്തരവു പ്രകാരം റീക്കൺസലേഷൻ നടപടികൾ പൂർത്തികരിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. കൂടാതെ സൂചന (3) പ്രകാരം റീക്കൺസലേഷൻ നടപടികൾ പ്രതിമാസം തന്നെ പൂർത്തിക്കരിച്ച് റീക്കൺസലേഷൻ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ എല്ലാ മേഖലാ ഓഫിസുകളിലും, എല്ലാ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കൻ്ററി സ്കൂളുകളിലും അക്കൗണ്ടൻ്റ് ജനറലിന്റെ https://ksemp.agker.cag.gov.in/Login എന്ന വെബ് സൈറ്റ് മുഖേന Reconcilliation നടപടികൾ 15/02/2025 ന്

മുൻപായി ഓൺലൈനായി പൂർത്തിക്കരിക്കേണ്ടതാണെന്നറിയിക്കുന്നു.

**സീനിയർ ഫിനാൻസ് ഓഫിസർ**

Signed by
Praseeda U V
Date: 29-01-2025 21:31:58

**To,**

1. എല്ലാ മേഖല ഉപമേധാവിമാർക്കും
2. എല്ലാ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും
3. എഡി. എ സെക്ഷൻ